'ഭരണഭാഷ – മാതൃഭാഷ'

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ധനകാര്യ വകുപ്പ് – ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാർക്ക് കോവിഡ്-19 നിയന്ത്രണങ്ങൾ മൂലം നിക്ഷേപ സമാഹരണം നടത്തുന്നതിന് നിലനിന്നിരുന്ന വിലക്കുകൾക്ക് ഇളവ് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (ഭരണം-സി) വകുപ്പ്**

**സ.ഉ (സാധാ) നം.3110/2020/ധന** **തീയതി, തിരുവനന്തപുരം, 20/05/2020.**

പരാമർശം :- 1 13.05.2020 ലെ 997/എൻ. എസ്. ബി1/2020/ധന. നമ്പർ കത്ത്

2 07.05.2020 തീയതിയിലെ 1495467/ഭരണം – സി1/2020/ധന. നമ്പർ സർക്കുലർ

**<u>ഉത്തരവ്</u>**

കോവിഡ് -19 മായി ബന്ധപ്പെട്ട ലോക്ക് ഡൗൺ നിയന്ത്രണങ്ങൾ നിലവിൽ വന്നതോടെ ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാർക്ക് ഗൃഹസന്ദർശനം നടത്തി നിക്ഷേപ സമാഹരണം നടത്തുന്നതിനും നിക്ഷേപത്തുക പോസ്റ്റ് ഓഫീസുകളിൽ ഒടുക്കുന്നതിനും നിയന്ത്രണം ഏർപ്പെടുത്തിയിരുന്നു. എന്നാൽ സൂചന 2 സർക്കുലർ പ്രകാരം ലോക്ക് ഡൗണിനുമുമ്പ് അവർ സംഭരിച്ച തുക ആഴ്ചയിൽ ഒരു ദിവസം പോസ്റ്റ് ഓഫീസുകളിൽ ഒടുക്കുന്നതിന് ഏജന്റുമാർക്ക് അനുമതി നല്കിയിരുന്നു. എന്നാൽ നിക്ഷേപകരിൽ നിന്നും പണം സംഭരിക്കുന്നതിനുള്ള നിയന്ത്രണം നിലനിൽക്കുകയാണ്. കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ 30.04.2020 വരെയുള്ള തവണകൾ ഒടുക്കുന്നതിനുള്ള സമയപരിധി ജൂൺ 30 വരെ ദീർഘിപ്പിക്കുകയും പിഴപ്പലിശ ഒഴിവാക്കി നല്കുകയും ചെയ്തിരുന്നു. എന്നാൽ മെയ് മാസം മുതലുള്ള തവണകൾ ഒടുക്കുന്നതിന് സമയം നീട്ടി നൽകുകയോ പിഴപ്പലിശ ഒഴിവാക്കുകയോ ചെയ്തിട്ടില്ലാത്തതിനാൽ നിക്ഷേപകർക്ക് പിഴപ്പലിശ ഇനത്തിൽ ബാദ്ധ്യതയുണ്ടാകാതിരിക്കുന്നതിനും ഏജന്റുമാർക്ക് അവരുടെ ഉപജീവനമാർഗ്ഗം നഷ്ടപ്പെടുന്ന സ്ഥിതി വിശേഷം ഉണ്ടാകാതിരിക്കുന്നതിനുമായി നിക്ഷേപകരിൽ നിന്നും തുക സ്വരൂപിക്കുന്നതിന് അനുമതി നൽകണമെന്ന് പരാമർശം 1 പ്രകാരം ദേശീയ സമ്പാദ്യ പദ്ധതി വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കും പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാർക്ക് ഏജൻസി പ്രവർത്തനം നടത്തുന്നതിന് അനുമതി നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

1. ഓരോ നിയമനാധികാരിയുടേയും കീഴിലുള്ള ഏജന്റുമാരെ 1/3 പേർ അടങ്ങുന്ന ഗ്രൂപ്പായി തരംതിരിച്ച് ഓരോ ഗ്രൂപ്പിലുള്ളവരും ഇടവിട്ട ദിവസങ്ങളിൽ ആഴ്ചയിൽ 2 ദിവസം വീതം ഭവന സന്ദർശനം നടത്തേണ്ടതും ടി ദിവസം ഒഴിച്ചുള്ള ഒരു ദിവസം പോസ്റ്റോഫീസിൽ നിന്നും മുൻകൂർ അനുമതി വാങ്ങിയ ശേഷം തുക നിക്ഷേപിക്കേണ്ടതുമാണ്.
2. സാമൂഹിക അകലം പാലിക്കൽ, മാസ്ക്, കൈയുറ എന്നിവ നിർബന്ധമായും ഉറപ്പാക്കേണ്ടതാണ്. കൂടാതെ നിക്ഷേപ സ്വരൂപണ സമയത്ത് sanitisor കരുതേണ്ടതാണ്. കറൻസി നോട്ടുകളും നാണയങ്ങളും കൈകാര്യം ചെയ്യുമ്പോൾ കൈയുറ ഉപയോഗിക്കേണ്ടതും നിക്ഷേപ സമാഹരണം നടത്തുന്ന തുക അണുവിമുക്തമാക്കിയ പ്രത്യേകം കവറുകളിലാക്കി സൂക്ഷിക്കേണ്ടതുമാണ്.
3. കോവിഡ്-19 മായി ബന്ധപ്പെട്ട് സർക്കാർ / ദേശീയ സമ്പാദ്യ പദ്ധതി വകുപ്പ് പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ് .
4. 65 വയസ്സ് കഴിഞ്ഞ ഏജന്റുമാർ ഭവനസന്ദർശനം നടത്താൻ പാടുള്ളതല്ല.

Scanned by CamScanner

മുകളിൽ ചേർത്തിട്ടുള്ള നിർദ്ദേശങ്ങൾക്ക് പുറമേ കോവിഡ്-19 മായി ബന്ധപ്പെട്ട വിവര ശേഖരണം തുടങ്ങിയ പ്രവർത്തനങ്ങൾക്ക് "അധിക സേവനം" എന്ന നിലയിൽ ഏജന്റുമാരുടെ സേവനം പ്രയോജനപ്പെടുത്തേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ഷീജാമോൾ എം. കെ**
**അണ്ടർ സെക്രട്ടറി (ധനകാര്യം)**

പകർപ്പ്:

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ) കേരള, തിരുവനന്തപുരം
ഡയറക്ടർ, ദേശീയ സമ്പാദ്യ പദ്ധതി വകുപ്പ്, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ ദേശീയ സമ്പാദ്യ പദ്ധതി ജില്ലാ ഓഫീസർമാർക്കും
വിവരവും പൊതുജനസമ്പർക്കവും വകുപ്പ്.
നോഡൽ ഓഫീസർ, www.finance.kerala.gov.in
കരുതൽ ഫയൽ/ ഓഫീസ് കോപ്പി. (E-1501070)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Scanned by CamScanner